കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

54 [1186] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പുതിയ പദ്ധതികൾക്കാണ് ഗവൺമെന്റ് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വാനില കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം സഹായമാണ് ഗവൺമെന്റ് ചെയ്തുവരുന്നതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2004-2005 സാമ്പത്തിക വർഷം താഴെപ്പറയുന്ന പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്.

1. ജൈവകൃഷിക്കുള്ള പ്രോത്സാഹനം.
2. ആധുനിക ലബോറട്ടറികൾ സ്ഥാപിക്കൽ.
3. വാണിജ്യ സുരക്ഷാപദ്ധതി.
4. വീട്ടുവളപ്പിലെ കൃഷി.
5. കാർഷിക കയറ്റുമതി കേന്ദ്രങ്ങളുടെ സ്ഥാപനം.

(ബി) വാനില കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'സുഗന്ധവിള വികസനം' എന്ന പദ്ധതി പ്രകാരം വാനിലനടീൽ വസ്തുക്കളുടെ അപര്യാപ്തത കണക്കിലെടുത്ത് വേരു പിടിപ്പിച്ച വാനില തൈകളും ടിഷ്യൂ കൾച്ചർ വാനില തൈകളും ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഫാമുകളിൽ ഉൽപ്പാദിപ്പിക്കുന്ന വേരു പിടിപ്പിച്ച വാനില തൈകൾ 25 ശതമാനം സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

കർഷകർക്ക് സബ്സിഡി നിരക്കിൽ വൈദ്യുതി നൽകുന്നതിന് നടപടി

55 [1187] ശ്രീ. എൻ ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ഭൂമിയിലെ ജലസേചനത്തിന് എത്ര ഏക്കർ കൃഷി ഭൂമി വരെയുള്ളവർക്കാണ് വൈദ്യുതി സൗജന്യമായി നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത വൈദ്യുതിക്ക് ചെലവാകുന്ന തുക ഏത് വകുപ്പാണ് നൽകിവരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോൾ പ്രസ്തുത തുക നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(ഡി) പ്രസ്തുത തുക ബന്ധപ്പെട്ട വകുപ്പിന് നൽകാത്തതിനാൽ കുടിശ്ശിക ഈടാക്കലും വൈദ്യുതി വിച്ഛേദിക്കലും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി കർഷകർക്ക് സബ്സിഡി നിരക്കിൽ വൈദ്യുതി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നെൽക്കൃഷിക്ക് ഭൂപരിധിയില്ലാതെയും കരക്കൃഷിക്ക് രണ്ട് ഹെക്ടർ വരെയും പരിധി നിശ്ചയിച്ച് ജലസേചനത്തിനായി വൈദ്യുതി സൗജന്യം നൽകിവരുന്നു.

(ബി) കൃഷിവകുപ്പ്.

(സി) നൽകുന്നുണ്ട്.

(ഡി ആന്റ് ഇ) വൈദ്യുതി ചാർജ്ജ് ഇനത്തിൽ ബോർഡിന് നൽകാനുള്ള തുക പൂർണ്ണമായും നൽകാത്തതിനാൽ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതായി ചില കർഷകരിൽ നിന്നും പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം ബോർഡ് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ കുടിശ്ശിക അടയ്ക്കുന്നതിൽ കാലതാമസം വരുത്തുന്നു എന്ന കാരണത്താൽ മാത്രം കർഷകരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതല്ലെന്നും എന്നാൽ പ്രസ്തുത പദ്ധതി ദുരുപയോഗം ചെയ്യുന്ന കർഷകരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കേണ്ടി വരുമെന്നും അറിയിച്ചിട്ടുണ്ട്. വൈദ്യുതി ചാർജ്ജ് ഇനത്തിൽ ബോർഡിനു നൽകാനുള്ള കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

നടീൽ വസ്തുക്കൾ സൗജന്യമായി നൽകുന്ന പദ്ധതി

56 [1188] ശ്രീ. എ. പി. അനിൽകുമാർ:
ശ്രീമതി രാധാ രാഘവൻ:
„ മാലേത്ത് സരളാദേവി:
ശ്രീ. കെ. മുഹമ്മദാലി:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഗ്രി എക്സ്പോർട്ട് സോണിൽ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി കൃഷി ചെയ്യുന്ന കർഷകർക്ക് നടീൽ വസ്തുക്കൾ സൗജന്യമായി നൽകുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly